**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1733** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ആരംഭിച്ച പെട്രോൾ പമ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്കുവേണ്ടി ആരംഭിച്ച പെട്രോൾ പമ്പുകളുടെ പ്രവർത്തനത്തിന് ഓയിൽ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത പമ്പുകളിൽ സ്റ്റാഫുകളെ നിയോഗിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ? | (എ) | ഉണ്ട്. 67 പമ്പുകൾക്ക് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. കൂടാതെ നിലവിൽ തിരുവനന്തപുരം സിറ്റി (കിഴക്കേകോട്ട), കിളിമാനൂർ, ചടയമംഗലം, മൂവാറ്റുപുഴ, ചേർത്തല, മൂന്നാർ, ചാലക്കുടി, കോഴിക്കോട് എന്നീ 8 സ്ഥലങ്ങളിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. 31.12.2021-ന് മുൻപ് 10 പമ്പുകൾ കൂടി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. KSRTC-യിൽ നിലവിലുള്ള മെക്കാനിക്കൽ വിഭാഗം ജീവനക്കാരിൽ നിന്ന് താൽപ്പര്യമുള്ളവരുടെ അപേക്ഷ ക്ഷണിച്ച് ആണ് പമ്പുകളിൽ നിയോഗിച്ചിരിക്കുന്നത്. നിലവിലുള്ള മെക്കാനിക്കൽ വിഭാഗം ജീവനക്കാരിൽ നിന്നും ചാർജ്ജ്മാൻ (ആട്ടോ), പ്ലസ് ടു യോഗ്യതയും കമ്പ്യൂട്ടർ പരിചയവും അഭിലഷണീയമെന്നും മെക്കാനിക്കിന് പ്ലസ് ടു യോഗ്യതയും 3 മാസത്തെയെങ്കിലും സർട്ടിഫൈഡ് കമ്പ്യൂട്ടർ കോഴ്സ് പാസായിരിക്കണം എന്നുമാണ് പ്രസ്തുത അപേക്ഷയിൽ നിഷ്കർഷിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ